# അകിടുവീക്കം നിയന്ത്രിക്കാൻ



കറവപ്പശുക്കളെ കറവയുടെ വിവിധഘട്ടങ്ങളിൽ ബാധിക്കുന്ന രോഗങ്ങളിൽ പ്രധാനപ്പെട്ടതാണ് അകിടുവീക്കം. നാടൻകന്നുകാലികളെ അപേക്ഷിച്ച് സങ്കരയിനംകന്നുകാലികളിൽ അകിടുവീക്കത്തിന്റെ നിരക്ക് കൂടുതലാണ്. കേരളത്തിൽ അകിടുവീക്കം മൂലം കർഷകർക്ക് ഭീമമായ സാമ്പത്തികനഷ്ടം നേരിടേണ്ടിവരുന്നുണ്ട്. രോഗംമൂലം പാലുല്പാദനം പൂർണ്ണമായോ ഭാഗികമായോ കുറയുവാൻ സാദ്ധ്യതയുണ്ട്.

കുറഞ്ഞ രോഗപ്രതിരോധശേഷി, കാലാവസ്ഥാവ്യതിയാനം, അശാസ്ത്രീയമായ പരിപാലനം, അപൂർണ്ണമായകറവ, വൃത്തിഹീനമായ തൊഴുത്ത് മുതലായവ അകിടുവീക്കത്തിനുള്ള സാധ്യത വർദ്ധിപ്പിക്കും. ബാക്ടീരിയ, വൈറസ്, ഫംഗസ് മുതലായ വിഭാഗങ്ങളിൽപ്പെടുന്ന അണുക്കൾ കാരണം അകിടുവീക്കം ഉണ്ടാകാം. ബാക്ടീരിയമൂലമുള്ള അകിടുവീക്കമാണ് കൂടുതലായി കണ്ടുവരുന്നത്. സ്ട്രെപ്റ്റോകോക്കസ്, സ്റ്റഫൈലോകോക്കസ് തുടങ്ങിയ ഇരുന്നൂറോളം ബാക്ടീരിയകളാണ് രോഗമുണ്ടാക്കുന്നത്.

അകിടിലുണ്ടാകുന്ന നിസ്സാരമായ മുറിവുകൾ, വ്രണങ്ങൾ മുതലായവയിലൂടെയും, മുലക്കണ്ണിലൂടെയും രോഗാണുക്കൾ അകിടിനുള്ളിലേക്ക് കടന്നാണ് രോഗബാധയുണ്ടാകുന്നത്.

## രോഗലക്ഷണങ്ങൾ

വിവിധ രീതിയിലാണ് കണ്ടുവരുന്നത്. പാലുല്പാദനത്തിൽ കുറവ്, അകിടിലും മുലക്കാമ്പിനുചുറ്റും നീര്, തൊട്ടാൽ വേദന, പാലിന് നിറവ്യത്യാസം, രുചിവ്യത്യാസം മുതലായവ പൊതുവായ രോഗലക്ഷണങ്ങളാണ്. ചില സന്ദർഭങ്ങളിൽ ശക്തിയായ പനി, വിശപ്പില്ലായ്മ, നടക്കാനും കിടക്കാനുമുള്ള ബുദ്ധിമുട്ട് എന്നീ ലക്ഷണങ്ങളും കണ്ടുവരുന്നുണ്ട്.

രോഗലക്ഷണങ്ങളെ അടിസ്ഥാനമാക്കി രോഗത്തെ മുഖ്യമായും രണ്ടായി തിരിക്കാം.

സബ്ക്ലിനിക്കൽ രോഗാവസ്ഥയിൽ പാലിൽ ക്രമമായ കുറവ്, രുചിയിൽ നേരിയ വ്യത്യാസം എന്നിവയുണ്ടാകാം. തീവ്രരോഗബാധയിൽ ശക്തിയായ പനി, പിരിഞ്ഞതോ, നിറവ്യത്യാസമുള്ളതോ ആയ പാൽ, രോഗംബാധിച്ച മുലക്കാമ്പിന്റെ ഭാഗത്ത് കല്ലിപ്പ് മുതലായവയുണ്ടാകാം.

രോഗലക്ഷണങ്ങൾ കണ്ടയുടനെ രോഗംബാധിച്ച മുലക്കാമ്പിൽ നിന്ന് മുഴുവൻ പാലും പിഴിഞ്ഞു കളയേണ്ടതാണ്. അകിടിൽ തണുത്ത വെള്ളം തളിക്കുന്നതും രോഗത്തിന്റെ തീവ്രത കുറയ്ക്കാൻ സഹായിക്കും. രോഗലക്ഷണങ്ങൾ കണ്ടയുടൻതന്നെ മൃഗാശുപത്രിയുമായി ബന്ധപ്പെട്ട് ചികിത്സിക്കേണ്ടതാണ്. ബാക്ടീരിയ മൂലമുള്ള രോഗമാണെങ്കിൽ ആന്റിബയോട്ടിക്കുകൾ കുത്തിവയ്ക്കേണ്ടിവരും. ആരംഭത്തിൽ തന്നെ വിദഗ്ദ്ധചികിത്സ ലഭിച്ചില്ലെങ്കിൽ പാലുല്പാദനഗ്രന്ഥിക്ക് കേടുവരാനും പാലുല്പാദനം പൂർണ്ണമായി കുറയുവാനും സാധ്യതയുണ്ട്.

'രോഗം വന്നു ചികിത്സിക്കുന്നതിനേക്കാൾ രോഗം വരാതെ നോക്കുന്നതാണ് നല്ലത്'

അതിനായി ശുചിത്വവും ശാസ്ത്രീയരോഗ നിയന്ത്രണമാർഗ്ഗങ്ങളും അവലംബിക്കുക.

## രോഗംബാധിച്ച അകിട്



## നിയന്ത്രണമാർഗ്ഗങ്ങൾ

- അകിടിലുണ്ടാകുന്ന ചെറിയ വ്രണങ്ങൾ പോലും ചികിത്സിപ്പിക്കണം.
- തൊഴുത്തും പരിസരവും വൃത്തിയായി സൂക്ഷിക്കുക
- തൊഴുത്തിൽ ആവശ്യത്തിന് വായുസഞ്ചാരം വേണം
- തൊഴുത്തിന്റെ തറ അധികം ചരിവില്ലാതെ കോൺക്രീറ്റ് ചെയ്യണം.
- വളക്കുഴി 30 അടി അകലെ വേണം നിർമ്മിക്കാൻ
- കറവക്കാരൻ ശുചിത്വം പാലിക്കണം.
- പൂർണ്ണമായകറവ, ശാസ്ത്രീയകറവരീതികൾ എന്നിവ അവലംബിക്കണം..
- കറവയ്ക്കുശേഷം മുലക്കാമ്പുകൾ നേർപ്പിച്ച അണുനാശിനിലായനിയിൽ മുക്കണം. അതിനെ റ്റീറ്റ് ഡിപ്പിംഗ് (Teat dipping) എന്നാണ് പറയുക. ഇതിനായി പൊവിഡോൺ അയഡിൻ ലായനി ഉപയോഗിക്കാവുന്നതാണ്.
- കറവ ക്രമമായി മാത്രമേ നിർത്താവൂ. ഇതിനായി പാലുല്പാദനത്തിനായി നൽകുന്ന തീറ്റ ക്രമേണ കുറയ്ക്കണം.
- കറവപ്പശുക്കളുടെ അടുത്ത കറവയ്ക്കു മുൻപായി രണ്ടു മാസത്തോളം കറവ ഒഴിവാക്കണം (വറ്റുകാലം)
- അവസാന കറവയിൽ മുഴുവൻ പാലും കറന്നെടുത്തശേഷം ആന്റിബയോട്ടിക് മരുന്നുകൾ മൂന്നാഴ്ചയിലൊരിക്കൽ മുലക്കാമ്പുകളിൽ കയറ്റി തടവുന്നത് അടുത്ത കറവയിൽ അകിടുവീക്കം നിയന്ത്രിക്കാൻ സഹായിക്കും. ഇതിനെ വറ്റുകാലചികിത്സ അഥവാ ഡ്രൈ കൗതെറാപ്പി (Dry Cow Therapy) എന്ന പേരിലറിയപ്പെടു ന്നു.



കുടപ്പനക്കുന്ന്
തിരുവനന്തപുരം

മൃഗസംരക്ഷണവകുപ്പിന് വേണ്ടി
കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലനകേന്ദ്രം
പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ പ്രസിദ്ധീകരിക്കുന്നത്

Printed at KBPS, Kakkanad, Kochi-30

കേരളസർക്കാർ
മൃഗസംരക്ഷണവകുപ്പ്



# അകിടുവീക്കം

